(സി) ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങി വീടു വച്ചു നൽകുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കുന്നുണ്ട്. സ്വന്തമായി സ്ഥലമുള്ളവർക്ക് വീടുനൽകുന്നതിന് മുൻഗണന നൽകുകയെന്നതാണ് പൊതുവായ നയം. അത് പൂർത്തിയായതിനുശേഷം ഈ കാര്യം പരിഗണിക്കാവുന്നതാണ്.

(ഡി) ഇക്കാര്യം ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

**ജനകീയാസൂത്രണ പദ്ധതികൾക്കായി വകയിരുത്തിയ ഉപാധിരഹിത ഫണ്ട്**

3(386) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതികൾക്കായി 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ഉപാധി രഹിത ഫണ്ടായി വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ വിനിയോഗകാലാവധി ഓരോ വർഷങ്ങളിലും എത്ര തവണ നീട്ടി കൊടുത്തിട്ടുണ്ട് ; തീയതികൾ വ്യക്തമാക്കുമോ ;

(സി) വിനിയോഗകാലാവധി ബഡ്ജറ്റ് നിയമങ്ങൾ ലംഘിച്ച് നീട്ടികൊടുത്തിട്ടുണ്ടോ ; എങ്കിൽ വിനിയോഗം സംബന്ധിച്ച കണക്കുകൾ തിട്ടപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി എന്തു നടപടികളാണ് സർക്കാർ സ്വീകരിച്ചത് ;

(ഡി) ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പിൽ നിന്ന് കരാറുകാരെ ഒഴിവാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചുവെങ്കിലും പല ത്രിതല പഞ്ചായത്തുകളിലും ഗുണഭോക്തൃ സമിതിയുടെ ആളുകളുമായി കരാറുകാർ തന്നെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) ജനകീയാസൂത്രണ പദ്ധതിയുടെ ഓഡിറ്റുകൾ നടത്തുന്നത് സംബന്ധിച്ച് നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ജി) ഓഡിറ്റിങ്ങ് സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ അതു പാലിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ജനകീയാസൂത്രണം ആരംഭിച്ചതിനുശേഷം ഇതുവരെയും ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതികൾക്കായി ഉപാധിരഹിത ഫണ്ട് അനുവദിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി&ഇ) ചില പരാതികൾ ലഭിച്ചവ, അന്വേഷിച്ച് നിലവിലുള്ള നിയമങ്ങൾ അനുശാസിക്കുന്ന മേൽനടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) തിരുവനന്തപുരം നഗരസഭയിലെ പദ്ധതിചെലവുകൾ സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ഹൈക്കോടതി അക്കൗണ്ടന്റ് ജനറലിന് നിർദ്ദേശം നൽകിയിരുന്നു. അതിൻ പ്രകാരം അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

(എച്ച്) ഓഡിറ്റിംഗ് ഒരു തുടർ പ്രക്രിയയാണ്. അതിനാൽ ഓഡിറ്റിംഗ് പൂർത്തിയാക്കാൻ കഴിയുന്നതല്ല.

**തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ്**

**4(387)** ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഈ വർഷം നടത്തേണ്ട തെരഞ്ഞെടുപ്പ് മാറ്റി വയ്ക്കാൻ പോകുന്നു എന്ന പത്രവാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് എന്നത്തേക്ക് നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരു സായാഹ്ന പത്രത്തിൽ ഇപ്രകാരം ഒരു വാർത്ത വന്നിരുന്നു.

(ബി) തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly